# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.09.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.ജിഎസ് ടി നിരക്കിലെ പരിഷ്ക്കാരം രാജ്യത്തെ കാർഷികമേഖലക്ക് കരുത്ത് പകരുമെന്ന് കേന്ദ്രം.

**GST rate reform will strengthen the country's agriculture sector,the Centre says.**

2. ഉപരാഷ്ട്രപതി സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പ് മറ്റന്നാൾ നടക്കും. സി.പി. രാധാകൃഷ്ണനും ബി. സുദർശൻ റെഡ്ഡിയും മൽസരരംഗത്ത്.

**The election for the post of Vice President will be held the day after tomorrow. C.P. Radhakrishnan and B. Sudarshan Reddy are in the fray.**

3. പ്രളയത്തിൽ കനത്ത നാശമുണ്ടായ -ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ രക്ഷാപ്രവർത്തനം തുടരുന്നു.

**Rescue operations continue in the flood-hit North Indian states.**

4. ഇന്ന് ശ്രീ നാരായണഗുരു ജയന്തി. ഗുരു ദർശനങ്ങൾ എല്ലാ കാലഘട്ടത്തിലും വിലമതിക്കുന്നതാണെന്നു ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.

**Governor Rajendra Viswanath Arlekhar says that the visions of Sree Narayana Guru are valuable in all eras.**

5. സമ്പൂർണ ചന്ദ്രഗ്രഹണം ഇന്ന് രാത്രി. ഏഴ് ഇന്ത്യൻ നഗരങ്ങളിൽ സമ്പൂർണഗ്രഹണം ദൃശ്യമാകും.

**Total lunar eclipse tonight. The complete eclipse will be visible in seven Indian cities.**

**6. ഏഷ്യ കപ്പ് പുരുഷ ഹോക്കി ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ത്യ ഇന്ന് ദക്ഷിണ കൊറിയയെ നേരിടും.**

**India will face South Korea in the final of the Asia Cup Men's Hockey Championship today.**

&&&&&&&&&&&&&&&&&

**HEADLINE-1**

**GST REFORMS**

ജിഎസ്ടി നിരക്കിലെ പരിഷ്കാരം രാജ്യത്തെ കാർഷികമേഖലക്ക് കരുത്ത് പകരും. രാജ്യത്തെ 10 കോടിയിലധികം ക്ഷീരകർഷകർക്ക് ഗുണം ചെയ്യുന്നതിനൊപ്പം സുസ്ഥിരമായ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതാണ് മാറ്റങ്ങളെന്ന് കേന്ദ്രസഹകരണ മന്ത്രാലയം വ്യക്തമാക്കി. ട്രാക്ടറുകളുടെയും രാസവളങ്ങളുടെയും വില കുറയുന്ന തരത്തിലാണ് പുതിയ പരിഷ്കാരം. 1800 സിസിയിൽ താഴെയുള്ള ട്രാക്ടറുകളുടെ ജിഎസ്ടി 5 ശതമാനമായി കുറച്ചു. അസംസ്കൃത വസ്തുക്കളുടെ ജിഎസ്ടി 18 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചതിനാൽ രാസവളം വില കുറയും. പാൽ, പനീർ എന്നിവയെ ജിഎസ്ടിയിൽ നിന്ന് ഒഴിവാക്കിയത് കർഷകർക്കും ഉപഭോക്താക്കൾക്കും ഗുണം ചെയ്യും. കൂടാതെ വെണ്ണ, നെയ്യ് തുടങ്ങിയവയ്ക്കും നികുതി ഇളവ് വരുത്തിയിട്ടുണ്ട്. ഈ നടപടികൾ ക്ഷീരകർഷകർക്ക് നേരിട്ട് ആശ്വാസം നൽകുകയും സ്ത്രീകൾ നയിക്കുന്ന ഗ്രാമീണ സംരംഭങ്ങളെയും , പാൽ സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്വയം സഹായ ഗ്രൂപ്പുകളെയും ശക്തിപ്പെടുത്തുകയും ചെയ്യും.

&&&&&&&&&&&&&&&&&

**SHIVARAJSINGH CHOWHAN-FARMERS (INTRO)**

***കേന്ദ്രസർക്കാർ അടുത്തിടെ കൊണ്ടുവന്ന ജി എസ് ടി നിരക്കിലെ പരിഷ്കാരം കാർഷിക മേഖലയിൽ വിപ്ലവകരമായ ചലനം സൃഷ്ടിക്കുമെന്ന്***

*കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൌഹാൻ. ഭോപ്പാലിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജൈവ കീടനാശിനികളുടേയും സൂക്ഷ്മ പോഷകങ്ങളുടേയും ജി എസ് ടി യിലെ കുറവ് കാർഷിക രംഗത്ത് ജൈവ വളങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.*

*(ഹോൾഡ്)*

&&&&&&&&&&&&&&&&&&

**UTTARAKHAND-RAINS**

ഉത്തരേന്ത്യയിൽ പ്രളയദുരിതം തുടരുന്നു. വിവിധ സംസ്ഥാനങ്ങളിൽ കനത്ത നാശനഷ്ടമാണുണ്ടായത്. ഉത്തരാഖണ്ഡിലെ ഉത്തരകാശി ജില്ലയിൽ നൗഗാവ് നദി കരകവിഞ്ഞൊഴുകിയതോടെ നിരവധി വീടുകളിൽ വെള്ളം കയറി. റോഡിൽ നിർത്തിയിട്ടിരുന്ന വാഹനങ്ങൾ ഒലിച്ചുപോയി. രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്താൻ മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി ജില്ലാ ഭരണകൂടത്തിന് നിർദ്ദേശം നൽകി.പഞ്ചാബിലും പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടരുകയാണ്.

&&&&&&&&&&&&&&&&&&

**IAF - RESCUE MISSION**

ജമ്മു കശ്മീരിലെയും ഹിമാചൽ പ്രദേശിലെയും മണ്ണിടിച്ചിൽ ബാധിത പ്രദേശങ്ങളിൽ വ്യോമസേനയുടെ രക്ഷാപ്രവർത്തനം ഊർജ്ജിതം. ഹിമാചൽ പ്രദേശിൽ, 17 മണിക്കൂർ നീണ്ടുനിന്ന ദൗത്യത്തിലൂടെ 540 പേരെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റി. തുടർച്ചയായ മഴ കാരണം റിയാസി, റംബാൻ ജില്ലകളിലെ ജനജീവിതം സ്തംഭിച്ചു.

&&&&&&&&&&&&&&&&&&

**IMD WEATHER**

പടിഞ്ഞാറൻ രാജസ്ഥാനിലും ഗുജറാത്തിലും ഇന്ന് ശക്തമായ മഴക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത

നിർദ്ദേശം നൽകി. കൊങ്കൺ, ഗോവ, മധ്യ മഹാരാഷ്ട്ര എന്നിവിടങ്ങളിലും കനത്ത മഴയ്ക്ക് സാധ്യതയുണ്ട്. ഉത്തരാഖണ്ഡ്, ഒഡീഷ, പശ്ചിമ ബംഗാൾ, തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിലും കാലാവസ്ഥാ വകുപ്പ് മഴ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## PM – GAYANA PREZ.

പ്രാദേശിക – പൊതുതെരഞ്ഞെടുപ്പുകളിൽ ഉജ്ജ്വല വിജയം നേടിയ ഗയാന പ്രസിഡന്റ് ഇർഫാൻ അലിയെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയും ഗയാനയും തമ്മിലുള്ള സഹകരണം കൂടുതൽ ശക്തിപ്പെടുത്താൻ ആഗ്രഹിക്കുന്നതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. 1965 മുതൽ ഇന്ത്യയും ഗയാനയും തമ്മിൽ മികച്ച നയതന്ത്ര ബന്ധം തുടരുകയാണെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി. ഇന്ത്യയുമായുള്ള സൗഹൃദം ശക്തമാക്കാൻ താത്പര്യപ്പെടുന്നതായി പ്രസിഡന്റ് അലി പ്രതികരിച്ചു.

&&&&&&&&&&&&&&&&&&

## Governor –Shri Narayana Guru

ശ്രീ നാരായണഗുരു ദർശനങ്ങൾ എല്ലാ കാലഘട്ടത്തിലും വിലമതിക്കുന്നതാണെന്നു കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ . തിരുവനന്തപുരം വർക്കല ശിവഗിരിയിൽ ശ്രീനാരായണ ഗുരുവിന്റെ 171–ാാം ജയന്തി ആഘോഷങ്ങളുടെ സമാപനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ധർമം പിന്തുടരാനാണ് ഗുരു പറഞ്ഞത് അല്ലാതെ ഒരു മതത്തെക്കുറിച്ചു മാത്രമല്ല . ഗുരു ദർശനങ്ങൾ ലോക ജനതക്ക് മുഴുവൻ ഉള്ള നിധിയാണെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## SRI NARAYANA GURU JAYANTHI

ഗുരുജയന്തിയോട് അനുബന്ധിച്ച് സംസ്ഥാനമൊട്ടാകെ വിവിധ പരിപാടികളാണ് നടക്കുന്നത്. ചെമ്പഴന്തി ഗുരുകുലത്തിൽ വൈകുന്നേരം 6 .30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. ആധുനിക കേരളത്തിന്റെ സാമൂഹ്യ മാറ്റങ്ങൾക്ക് ചാലകശക്തിയായി

മാറാൻ ഗുരുചിന്തകൾക്കു കഴിഞ്ഞതായി മുഖ്യമന്ത്രി ആശംസാ സന്ദേശത്തിൽ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&

**REV. VENICE FILM FESTIVAL**

വെനീസ് ഫിലിം ഫെസ്റ്റിവലിൽ മികച്ച സംവിധായികയ്ക്കുള്ള അവാർഡ് കരസ്ഥമാക്കി അനുപർണാ റോയ്. ഒറിസോണ്ടി വിഭാഗത്തിൽ മത്സരിച്ച ' ***Songs of Forgotten Trees*** ' എന്ന ചിത്രമാണ് അനുപർണാ റോയിയെ പുരസ്കാരത്തിന് അർഹയാക്കിയത്. മുംബൈയിലെ രണ്ട് കുടിയേറ്റ സ്ത്രീകളുടെ കഥയാണ് ചിത്രത്തിന്റെ പ്രമേയം. ഒറിസോണ്ടി ജൂറി പ്രസിഡൻറ് ജൂലിയ ഡുക്കോർണൗ ആണ് അവാർഡ് പ്രഖ്യാപിച്ചത്. അതേസമയം, 'ഫാദർ മദർ സിസ്റ്റർ ബ്രദർ' എന്ന ചിത്രത്തിന് ഫെസ്റ്റിവലിന്റെ പരമോന്നത ബഹുമതിയായ മികച്ച ചിത്രത്തിനുള്ള ഗോൾഡൻ ലയൺ ലഭിച്ചു.

&&&&&&&&&&&&&&&&&

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

&&&&&&&&&&&&&&&&&

**VP election**

ഇന്ത്യയുടെ 17-ാമത് ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കാനുള്ള വോട്ടെടുപ്പ് മറ്റന്നാൾ. ഫലപ്രഖ്യാപനവും അന്ന് തന്നെ ഉണ്ടാകും. ലോക്സഭയിൽ നിന്നുള്ള 543 അംഗങ്ങളും രാജ്യസഭയിൽ നിന്നുള്ള 233 അംഗങ്ങളും 12 നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളും ഉൾപ്പെടുന്ന 788 വോട്ടർമാർ ഉൾപ്പെടുന്ന ഒരു ഇലക്ടറൽ കോളേജാണ് ഉപരാഷ്ട്രപതിയെ തീരുമാനിക്കുക. മഹാരാഷ്ട്ര ഗവർണർ സി.പി. രാധാകൃഷ്ണനാണ് എൻഡിഎ യുടെ ഉപരാഷ്ട്രപതി സ്ഥാനാർഥി. സുപ്രീം കോടതി മുൻ ജസ്റ്റിസ് ബി. സുദർശൻ റെഡ്ഡിയാണ്

പ്രതിപക്ഷ സഖ്യത്തിന്റെ സ്ഥാനാർഥി. സ്ഥാനാർത്ഥികൾക്ക് പിന്തുണ ഉറപ്പാക്കുന്നതിനുള്ള നീക്കം ഇരുപക്ഷവും ശക്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**LUNAR ECLIPSE**

ഇന്ന് സമ്പൂർണ ചന്ദ്രഗ്രഹണം. അഞ്ച് മണിക്കൂർ നീണ്ടു നിൽക്കുന്ന ഗ്രഹണം, രാത്രി പൂർണതയിൽ 82 മിനിറ്റ് ദൃശ്യമാകും. ഈ സമയം ചുവപ്പ് നിറത്തിൽ ചന്ദ്രനെ കാണാം വരാനിരിക്കുന്ന വർഷങ്ങളിലെ ഏറ്റവും ദൈർഘ്യമേറിയതും ദൃശ്യവുമായ ചന്ദ്രഗ്രഹണങ്ങളിൽ ഒന്നാണ് ഇന്ന് രാത്രി നടക്കുക. നഗ്നനേത്രങ്ങൾ കൊണ്ടുതന്നെ ചന്ദ്രനെ സുരക്ഷിതമായി കാണാൻ സാധിക്കും. പ്രത്യേക ഉപകരണങ്ങളൊന്നും ആവശ്യമില്ല. ഇന്ന് രാത്രി 8:58 ന് ഗ്രഹണം ആരംഭിച്ച് നാളെ ഇന്ത്യൻ സമയം പുലർച്ചെ 2:25 ന് അവസാനിക്കും. ഡൽഹി, മുംബൈ, കൊൽക്കത്ത, പൂനെ, ലഖ്നൗ, ഹൈദരാബാദ്, ചണ്ഡീഗഡ് തുടങ്ങിയ നഗരങ്ങളിലായിരിക്കും സമ്പൂർണ ചന്ദ്രഗ്രഹണം ദൃശ്യമാകുക.

&&&&&&&&&&&&&&&&&&

**FIT INDIA-MANDAVIYA (INTRO)**

***രാജ്യത്ത് സൺഡേസ് ഓൺ സൈക്കിൾ പദ്ധതി ചലനങ്ങൾ സൃഷ്ടിച്ചെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ . ആരോഗ്യം നില നിർത്തുക , സ്വദേശി ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ ലക്ഷ്യമിട്ട് ന്യൂഡൽഹിയിൽ ഇന്ത്യൻ റെയിൽവേയുമായി സഹകരിച്ച് നടത്തുന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മികച്ച വ്യായാമ മുറയായ സൈക്ലിംഗ് , ഫിറ്റ് ഇന്ത്യയുടെ സന്ദേശമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.***

*(വോയിസ്)*

&&&&&&&&&&&&&&&&&&

**ITR FILING**

2024–25 സാമ്പത്തിക വർഷത്തിലെ ആദായവും നികുതി റിട്ടേണുകൾ സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 15 വരെ. വൈകിയുള്ള നികുതി സമർപ്പണത്തിന് പിഴയും പലിശയും ഈടാക്കും. മുൻകൂട്ടി പൂരിപ്പിച്ച ഫോമുകൾ വഴി ഓൺലൈൻ മുഖേന ലളിതമായ മാർഗങ്ങളിലൂടെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാം.

&&&&&&&&&&&&&&&&&

## SCHOOL RE-OPENS

ഓണാവധിക്ക് ശേഷം സംസ്ഥാനത്തെ സ്കൂളുകൾ നാളെ തുറക്കും. പാദവാർഷിക പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചശേഷം 30 ശതമാനം മാർക്ക് ലഭിക്കാത്തവർക്ക് പഠന പിന്തുണ നൽകും. ഇതു സംബന്ധിച്ച് മാർഗ നിർദേശങ്ങൾ വ്യക്തമാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചു.

&&&&&&&&&&&&&&&&&

## PULIKALI

സംസ്ഥാന സർക്കാരിന്റെ ഓണം വാരാഘോഷ സമാപനം കുറിച്ചുള്ള സാംസ്കാരിക ഘോഷയാത്ര ഒമ്പതാം തീയതി ചൊവ്വാഴ്ച വെള്ളയമ്പലത്ത് നിന്നും ആരംഭിച്ച് കിഴക്കേകോട്ടയിൽ അവസാനിക്കും. ചൊവ്വാഴ്ച വൈകിട്ട് 4 മണിക്ക് വെള്ളയമ്പലത്തെ മാനവീയം വീഥിയിൽ ബഹുമാനപ്പെട്ട കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഫ്ളാഗ് ഓഫ് ചെയ്യും. ഓണാഘോഷങ്ങൾക്ക് മാറ്റ്കൂട്ടാൻ നാളെ തൃശ്ശൂരിൽ പുലികളി നടക്കും.

&&&&&&&&&&&&&&&&&

## ASIA CUP HOCKEY

ബിഹാറിൽ നടക്കുന്ന ഏഷ്യ കപ്പ് പുരുഷ ഹോക്കി ചാമ്പ്യൻഷിപ്പ് ഫൈനൽ ഇന്ന്. രാത്രി 7.30 ന് നടക്കുന്ന ഫൈനലിൽ ഇന്ത്യ ദക്ഷിണ കൊറിയയെ നേരിടും.

&&&&&&&&&&&&&&&&&&

**WASHINGTON PROTEST**

അമേരിക്കൻ തലസ്ഥാനമായ വാഷിംഗ്ടണിൽ പ്രസിഡന്റ് ഡോണാൾഡ് എതിരെ ശക്തമായ പ്രതിഷേധവുമായി ജനങ്ങൾ തെരുവിലിറങ്ങി. വാഷിംഗ്ടണിൽ തെരുവുകളിൽ നാഷണൽ ഗാർഡ് സൈനികരെ വിന്യസിക്കുന്നത് അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടാണ് ആയിരക്കണക്കിന് പ്രതിഷേധക്കാർ മാർച്ച് നടത്തിയത്. നഗരത്തിൽ കുറ്റകൃത്യങ്ങൾ വർധിക്കുന്നത് തടയാനാണെന്ന് ട്രംപ് കഴിഞ്ഞ മാസം സൈന്യത്തെ വിന്യസിച്ചത്.

&&&&&&&&&&&&&&&&&&

**US – POSTAL TRAFFIC**

പുതിയ നിരക്ക് വർധന നിലവിൽ വന്നതിനെത്തുടർന്ന് അമേരിക്കയിലേക്കുള്ള തപാൽ നീക്കം 80 ശതമാനത്തിലധികം കുറഞ്ഞതായി റിപ്പോർട്ട്. 800 യുഎസ് ഡോളറിൽ താഴെ വിലയുള്ള ചെറിയ പാക്കേജുകൾക്ക് അനുവദിച്ചിരുന്ന ഇളവ് നീക്കിയതോടെയാണ് ഈ കുറവെന്ന് യു.എൻ ഏജൻസിയായ യൂണിവേഴ്സൽ പോസ്റ്റൽ യൂണിയൻ അറിയിച്ചു. പുതിയ നിയമഭേദഗതിയെ തുടർന്ന് ഇതുവരെ, 88 തപാൽ ദാതാക്കൾ യുഎസിലേക്കുള്ള പാഴ്സലുകൾ എത്തിക്കുന്നത് നിർത്തിവച്ചിട്ടുണ്ട്. ഇന്ത്യ, മെക്സിക്കോ, ജർമ്മനി, ഫ്രാൻസ്, സ്പെയിൻ, ഇറ്റലി, ഓസ്ട്രേലിയ, ജപ്പാൻ, തായ്‌വാൻ, സ്വിറ്റ്സർലൻഡ് തുടങ്ങിയ പ്രധാന രാജ്യങ്ങളേയും ഇത് ബാധിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&